**ഭരണഭാഷ–മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**എഡി.സി6/70044/എച്ച്.എസ്.ഇ/2016** **തീയതി : 21/07/2017**

## സർക്കുലർ

വിഷയം: ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2017-18 വർഷത്തെ പൊതുസ്ഥലംമാറ്റം - അപേക്ഷകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന : 1) 03/04/2017 ലെ സ.ഉ.(പി) നം.61/2017/പൊ.വി.വ നം.ഉത്തരവ്.

സൂചന (1) പ്രകാരം സംസ്ഥാനത്തെ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2017-18 വർഷത്തെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും പരിഷ്കരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. സൂചന സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2017-18 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള ഓൺലൈൻ മുഖാന്തിരമുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. 24/07/2017 മുതൽ 05/08/2017 വൈകുന്നേരം 5 മണിവരെ www.hscap.kerala.gov.in/transfer എന്ന വെബ്സൈറ്റ് മുഖേന സ്ഥലംമാറ്റ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിനുമുൻപ് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങളും സൂചന സ്ഥലംമാറ്റ മാനദണ്ഡങ്ങളും കൃത്യമായി വായിക്കേണ്ടതും അതനുസരിച്ച് അപേക്ഷിക്കേണ്ടതുമാണ്. (ഉള്ളടക്കം ചെയ്യുന്നു). ആയതിനുശേഷം മാത്രമെ അദ്ധ്യാപകർ ഓൺലൈൻ അപേക്ഷയിലെ ഡേറ്റാ പ്രിൻസിപ്പാളിനു forward ചെയ്യാൻ പാടുള്ളൂ. അപേക്ഷയിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ ആ അപേക്ഷ പ്രിൻസിപ്പൽ നിരസിക്കേണ്ടതും വീണ്ടും അദ്ധ്യാപകർ തന്റെ Id യിൽ പ്രവേശിച്ച് തിരുത്തൽ വരുത്തി ടി അപേക്ഷ പ്രിൻസിപ്പലിന് പുന:സമർപ്പിക്കേണ്ടതുമാണ്. അപേക്ഷയുമായി ബന്ധപ്പെട്ട എല്ലാരേഖകളും സൂചന സർക്കാർ ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്ന പ്രത്യേക മുൻഗണന അവകാശപ്പെടുന്നവരുടെ മുൻഗണന തെളിയിക്കുന്ന അസ്സൽരേഖകളും പ്രിൻസിപ്പൽ കൃത്യമായി പരിശോധിയ്ക്കേണ്ടതും ഡയറക്ടറേറ്റിൽ നിന്നും ആവശ്യപ്പെട്ടാൽ ആയത് പരിശോധനയ്ക്കായി സമർപ്പിയ്ക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് എന്തെങ്കിലും

പരാതികൾ ഉണ്ടായാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം പ്രിൻസിപ്പാളിനുമാത്രമായിരിക്കും.

നിർദ്ദേശങ്ങൾ

1. 2017 മാർച്ച് 31-ാം തിയതി ഹയർസെക്കന്ററി വിഭാഗത്തിൽ (എച്ച്.എസ്.എസ്.റ്റി ജൂനിയർ + എച്ച്.എസ്.എസ്.റ്റി) മൂന്നുവർഷം പൂർത്തിയാക്കി യവർക്കു മാത്രമേ സ്ഥലംമാറ്റത്തിനു അപേക്ഷിക്കാൻ അർഹതയുള്ളൂ.

2. ഒരു ഹോം സ്റ്റേഷനിൽ/ ഒരു വിദ്യാഭ്യാസജില്ലയിൽ അഞ്ച് വർഷം സേവനം പൂർത്തിയാക്കിയ തസ്തിക കളും തനത് അക്കാദമിക വർഷത്തിൽ ജൂൺ 1 മുതൽ മെയ് 31 വരെയുള്ള റിട്ടയർമെന്റ് ഒഴിവുകളും പുതുതായി ഉണ്ടാകുന്ന ഒഴിവുകളും ഓപ്പൺ വേക്കൻസി ആയിരിക്കും.

3. ഒരു വിദ്യാഭ്യാസ ജില്ലയിൽ അഞ്ചുവർഷം പൂർത്തീകരിച്ച് കഴിഞ്ഞ അദ്ധ്യാപകരുടെ വിഷയാടിസ്ഥാനത്തിലുള്ള ഒഴിവുകളുടെ ലിസ്റ്റ് www.hscap.kerala.gov.in/transfer എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഹോംസ്റ്റേഷനു പുറത്തുനിന്നും ഹോംസ്റ്റേഷനിലേയ്ക്കുള്ള ട്രാൻസ്ഫറിനു ശേഷമായിരിക്കും അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫറുകൾ നടത്തുന്നത്.

4. സ്ഥലംമാറ്റം ആവശ്യമുള്ളവരും 31-03-2017 ൽ ഹയർസെക്കന്ററി വിഭാഗത്തിൽ മൂന്നുവർഷം പൂർത്തീകരിച്ചവരുമായ എല്ലാ അദ്ധ്യാപകർക്കും സ്ഥലംമാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്. പൊതുസ്ഥലംമാറ്റത്തിന് അപേക്ഷകന്/ അപേക്ഷകയ്ക്ക് ആവശ്യമുള്ളത്ര സ്കൂളുകൾ തിരഞ്ഞെടുക്കാവുന്നതാണ്.

5. ഒരു വിദ്യാഭ്യാസ ജില്ലയിൽ അഞ്ചുവർഷമായി തുടരുന്നവരും [സൂചനയിലെ സർക്കാർ ഉത്തരവിലെ item No.5(ii) കാണുക] conditional status ആയി നിയമനം നൽകിയിട്ടുള്ളവരും പ്രിൻസിപ്പൽ പ്രമോഷൻ മൂലം thrown out ആകുന്നവരും/ആയവരും HSST Jr Post HSST ആയി upgrade ചെയ്തതു മൂലമോ പോസ്റ്റുകൾ down grade ചെയ്തതുമൂലമോ excess ആയി നിൽക്കുന്നവരും online മുഖേന നിർബന്ധമായും അപേക്ഷ സമർപ്പിക്കേണ്ടതാണ് .

6. അദ്ധ്യാപിക/അദ്ധ്യാപകൻ എന്നിവർക്കും അവരുടെ ആശ്രിതർക്കും രോഗബാധിതരുടെ പേരിലുള്ള അനുകമ്പാർഹ സ്ഥലംമാറ്റത്തിന് രോഗകാര്യത്തെ സംബന്ധിച്ചുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ

പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ പകർപ്പും online ആയി സമർപ്പിച്ച സ്ഥലംമാറ്റ അപേക്ഷയുടെ പകർപ്പും പ്രിൻസിപ്പലിന്റെ ശുപാർശകത്തോടുകൂടി 05/08/2017 5.00 pm നു മുമ്പായി ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ്, ഹൗസിംഗ്ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം എന്ന അഡ്രസ്സിൽ ലഭിക്കത്തക്ക വിധത്തിൽ തപാലിൽ അയച്ചുതരേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

7. ഏതെങ്കിലും അദ്ധ്യാപകൻ/അദ്ധ്യാപികയുടെ നിലവിൽ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങളിൽ എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ ഹാർഡ് കോപ്പി സഹിതം ലഭ്യമാക്കി ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതാണ്.

ഒപ്പ്
ഡോ.പി.പി.പ്രകാശൻ
ഡയറക്ടർ (ഇൻ ചാർജ്)

<u>സഹായങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ</u>

0471-2325868, (പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.15 മുതൽ 5.15 വരെ മാത്രം)